**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചാലക്കുടി നഗരസഭാ പരിധിയിൽപ്പെട്ട മുത്തേലി, വി.ആർ. പുരം എന്നീ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ ഫിസിഷ്യനെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 41/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.01.2016.

==========================================================================

പരാമർശം:-
1) ചാലക്കുടി നഗരസഭാ സെക്രട്ടറിയുടെ 16.05.2011 തീയതിയിലെ എച്ച്-10613/92 നമ്പർ കത്ത്.
2) 18.12.2014 തീയതിയിലെ സ.ഉ. (സാധാ) നം. 3348/14/തസ്വഭവ.
3) 09.09.2015 തീയതിയിൽ അവസാനിക്കുന്ന നഗരകാര്യ ഡയറക്ടറുടെ ഇ5/8968/2011 നമ്പർ കത്തിടപാടുകൾ.

**ഉത്തരവ്**

ചാലക്കുടി നഗരസഭയിലെ രണ്ട് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസം ക്ലിനിക്ക് നടത്തുന്നതിന് 7,000/- രൂപ നിരക്കിൽ സ്വകാര്യ ഡോക്ടറുടെ സേവനം പാർട്ട്ടൈം ആയി ഉപയോഗിച്ചിരുന്നതായും എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ആയത് സാമ്പത്തിക ബാധ്യത നേരിടുന്നതിനാൽ അനുവദിക്കാനാവില്ലെന്ന് പരാമർശിച്ചതിനാലും, താലൂക്കാശുപത്രിയിലെ ഡോക്ടറുടെ സേവനം ആവശ്യപ്പെട്ടെങ്കിലും മാസത്തിൽ ഒരു ദിവസം വീതം രണ്ട് സെന്ററുകളിലേക്കും ലഭ്യമാക്കുകയുള്ളൂ എന്ന് അറിയിച്ചിരുന്നതായും, ടി വിഷയം കൗൺസിൽ ചർച്ച ചെയ്തതിൽ ആഴ്ചയിൽ രണ്ടു ദിവസം സ്വകാര്യ ഡോക്ടറുടെ സേവനം സർക്കാർ അനുമതിയോടെ തുടരുന്നതിനുള്ള 21.02.2011-ലെ 10-ാം നമ്പർ കൗൺസിൽ തീരുമാനത്തിന് അനുമതി നൽകണമെന്നും ഒന്നാം പരാമർശിത കത്ത് പ്രകാരം ചാലക്കുടി നഗരസഭാ സെക്രട്ടറി അപേക്ഷിക്കുകയുണ്ടായി. മാസത്തിൽ ഒരിക്കൽ മാത്രം താലൂക്കാശുപത്രിയിലെ ഡോക്ടറുടെ സേവനം ലഭിക്കുന്നതുകൊണ്ട് സാധാരണ ജനങ്ങൾക്ക് പ്രയോജനം ലഭിക്കാത്തതിനാൽ നഗരസഭയിൽ മെഡിക്കൽ ഓഫീസറുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുകയോ അതുവരെ സ്വകാര്യ ഡോക്ടറുടെ സേവനം തുടരുന്നതിന് അനുമതി നൽകുകയോ ചെയ്യാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ 3-ാം പരാമർശിത കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) നഗരസഭകളിൽ ഹോണറേറിയം വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഫിസിഷ്യന്മാർക്ക് ഒരു മണിക്കൂർ സേവനത്തിന് 150/- രൂപ നിരക്കിൽ പ്രതിമാസം ഏറ്റവും കുറഞ്ഞത് 40 മണിക്കൂർ സേവനം കണക്കാക്കി പ്രതിമാസം 6000/- രൂപ

ഹോണറേറിയം നൽകുന്നതിന് 2-ാം പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ ചാലക്കുടി നഗരസഭാ കൗൺസിൽ തീരുമാനവും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ദാരിദ്ര്യ ജനങ്ങളും, പട്ടിക വിഭാഗം ജനങ്ങളും അധിവസിക്കുന്ന മേഖല ആയതിനാൽ ചാലക്കുടി നഗരസഭാ പരിധിയിൽപ്പെട്ട മുത്തേലി, വി.ആർ.പുരം എന്നീ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ഹോണറേറിയം വ്യവസ്ഥയിൽ, രണ്ടാം പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ഫിസിഷ്യനെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത്തരത്തിൽ ഹോണറേറിയം നൽകുന്നതുമൂലം ചാലക്കുടി നഗരസഭയ്ക്കു ണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സോണിയ വാഷിംഗ്ടൺ,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തൃശൂർ
സെക്രട്ടറി, ചാലക്കുടി നഗരസഭ.
ചെയർമാൻ/ ചെയർപേഴ്സൺ, ചാലക്കുടി നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**